പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 216

# 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 19-10-19

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 216

# 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

943/2019.

# 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് (2016-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 മാർച്ച് 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 10-ാം വകുപ്പിന്റെ ഭേദഗതി.—2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിന് (2016-ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 10-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ,—

(i) ഖണ്ഡം (iv)-ൽ "സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ" എന്ന വാക്കുകൾക്ക് പകരം "വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) ഖണ്ഡം (vi)-ൽ "സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്ക് പകരം "വനിതാ ശിശു വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. <u>12-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 12-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "അഞ്ച് വർഷക്കാലത്തേയ്ക്ക്" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷക്കാലത്തേയ്ക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2019-ലെ 26) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് 2016-ൽ കേരള നിയമസഭ പാസ്സാക്കിയിരിക്കുന്നു. എന്നാൽ സാമൂഹ്യനീതി വകുപ്പ് വിഭജനത്തിന്റെ ഭാഗമായി കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലാണ് വരുന്നത്. വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചതോടെ പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥരെ ബോർഡിൽ ഉൾപ്പെടുത്തുന്നതിലേക്കായി 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിൽ അതിനനുസൃതമായ ഭേദഗതികൾ വരുത്തേണ്ടതായി വന്നു.

2. ക്ഷേമനിധി ബോർഡിന്റെ കാലാവധി നിലവിൽ '5 വർഷം' എന്നത് മൂന്ന് വർഷമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചില ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം ക്ഷേമനിധി ബോർഡിന്റെ കാലാവധി 5 വർഷത്തിൽ നിന്നും 3 വർഷമായി കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2019 മാർച്ച് 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 മാർച്ച് 1-ാം തീയതിയിലെ 550-ാം നമ്പർ അസാധാരണ ഗസറ്റിൽ 2019-ലെ 16-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് വേണ്ടി 199-ാം നമ്പരായി ബിൽ പ്രസിദ്ധീകരിച്ചെങ്കിലും ആ ബിൽ 2019 മേയ് 27-ാം തീയതി ആരംഭിച്ച് 2019 ജൂലൈ 4 -ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്, 2019 ജൂലൈ 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 ജൂലൈ 6-ാം തീയതിയിലെ 1501-ാം നമ്പർ അസാധാരണ ഗസറ്റിൽ 2019-ലെ 26-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2019-ലെ 26)-ന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. കെ. ശൈലജ ടീച്ചർ.

## 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിൽ (2016-ലെ 10) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

10. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന് വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിക്കപ്പെടുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി "കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ** ** ** **

(3) ബോർഡിൽ, താഴെ വ്യവസ്ഥ ചെയ്യുന്ന പ്രകാരം, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, അദ്ദേഹം ബോർഡിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ii) അങ്കണവാടി വർക്കർമാരെയും അങ്കണവാടി ഹെൽപ്പർമാരെയും പ്രതിനിധീകരിക്കുന്ന നാല് അംഗങ്ങൾ;

(iii) വനിതകളെയും കുട്ടികളെയും സംബന്ധിക്കുന്ന വിഷയങ്ങളിൽ വേണ്ടത്ര അറിവും ആ വിഷയം കൈകാര്യം ചെയ്യുന്നതിന് വേണ്ടത്ര പ്രാപ്തിയും ഉള്ള ഒരു വിദഗ്ദ്ധൻ;

(iv) സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ;

(v) സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(vi) സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ-അദ്ദേഹം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആയിരിക്കുന്നതാണ്;

** ** ** **

12. <u>ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.</u>—(1) 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (i)-ഉം (ii)-ഉം (iii)-ഉം ഖണ്ഡങ്ങൾ പ്രകാരം നിയമിക്കപ്പെട്ട അനൗദ്യോഗിക അംഗങ്ങൾ ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്ക് സ്ഥാനം വഹിക്കേണ്ടതാണ്.

എന്നാൽ സാമൂഹ്യനീതി വകുപ്പിന്റെ 2013 മാർച്ച് 7-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 94/2013/സാ.നീ.വ. പ്രകാരം രൂപീകരിച്ച കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡിലെ ചെയർപേഴ്സണും അനൗദ്യോഗിക അംഗങ്ങൾക്കും, സർക്കാർ ഉത്തരവ് നിലവിൽ വന്ന തീയതി മുതൽ മൂന്ന് വർഷക്കാലം അല്ലെങ്കിൽ 10-ാം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിക്കുന്ന ബോർഡ് പ്രാബല്യത്തിൽ വരുന്ന തീയതി വരെ, ഇതിൽ ഏതാണ് ആദ്യം വരുന്നത് അതുവരെ, ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്.

** ** ** **